# ഇ? ?നെ?; പ്രബോധക?
# ശ്ര? ിേ? ണ്ടത്

[ മലയാളം – Malayalam – مليالم ]

## എം. എം. അക്ബര്‍

പരിശോധന: മുഹമ്മദ് കബീര് സലഫി

www.snehasamvadam.com

2012 - 1433

IslamHouse.com

# ﴿ الإنترنت وتوجيهات للدعاة ﴾

« باللغة المااليبارية »

محمد أكبر

مراجعة: محمد كبير

www.snehasamvadam.com

2012 - 1433

IslamHouse.com

بسم الله الرحمن الرحيم

വൈജ്ഞാനികരംഗത്ത് കുതിച്ചുചാട്ടം നടത്തിക്കൊണ്ടിരിക്കുന്ന ആധുനിക മനുഷ്യന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് ഇന്റർനെറ്റിന്റെ ആഗമനമെന്ന കാര്യത്തിൽ സംശയമൊന്നും തന്നെയില്ല. അമേരിക്കയിലെ ഡിഫൻസ് അഡ്വാൻസ്ഡ് റിസർച്ച് ഏജൻസി, വിവര കൈമാറ്റത്തിനു വേണ്ടി 1969 മുതൽ ഉപയോഗിക്കാനാരംഭിച്ചിരുന്ന കംപ്യൂട്ടർ ശൃംഖലയായ ഇന്റർനെറ്റ് പ്രോട്ടോകോൾ സ്യൂട്ടിനെ (JCP / IP) ആധാരമാക്കി ലോക വ്യാപകമായ വൈജ്ഞാനിക വിനിമയത്തിനു പറ്റുന്ന ഇന്റർനെറ്റ് എന്ന സംവിധാനം 1982ൽ പ്രവർത്തന ക്ഷമമായതു മുതൽ ആഗോള ഗ്രാമമെന്ന സങ്കൽപം സാക്ഷാൽക്കനരിക്കപ്പെടുകയായിരുന്നു. ലോകത്തെവിടെയും സൂക്ഷിക്കപ്പെട്ടിരിക്കുന്ന വിജ്ഞാന ഭണ്ഡാരങ്ങൾ സ്വന്തം മേശപ്പുറത്തിരുന്ന് തുറക്കാനാവുകയെന്ന അൽഭുത ലോകത്തെ ആലീസിനു പോലും കഴിയാതിരുന്ന അത്ഭുതമാണ്, ഇന്റർനെറ്റ്  വഴി, ഏതൊരു സാധാരണക്കാരനും കഴിയുമെന്ന അവസ്ഥ സംജാതമാക്കിയത്. 2011 ഡിസംബർ 31ലെ കണക്കുകൾ പ്രകാരം ലോകജനസംഖ്യയുടെ 32.7 ശതമാനം (226.7 കോടി) ഇന്റർനെറ്റ് ഉപയോഗിക്കുന്നവരാണ് (Internet usage Statistics- www.Internetworldstats.com). 2000ത്തിൽ നിന്ന് 2011ലെത്തുമ്പോൾ ഇന്റർനെറ്റ് ഉ പയോഗിക്കുന്നവരുടെ എണ്ണത്തിൽ 528.1 ശതമാനം വർധനവുണ്ടായി ട്ടുണ്ട് എന്ന വസ്തുത അത് എത്രത്തോളം വലിയ സ്വാധീനമാണ് ജ നങ്ങളിൽ ഉണ്ടാക്കുന്നത് എന്ന് വ്യക്തമാക്കുന്നുണ്ട്.

2011 ഡിസംബറിലെ കണക്കുകൾ പ്രകാരം 36,68,48,493 വെബ്സൈറ്റുകളും 314.6 കോടി ഇ.മെയിൽ വിലാസങ്ങളുമുള്ള വലിയൊരു ലോകമാണ് ഇന്റർനെറ്റിന്റേത്. വൈജ്ഞാനിക വിസ്ഫോടനമെന്നാണ് ഇന്റർനെറ്റിന്റെ ലോകത്തെക്കുറിച്ച് പറയാറുള്ളതെങ്കിലും അത് ഇന്ന് ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്നത് വളരുന്ന തലമുറയെ തിന്മകളിലേക്കു നയിക്കുവാനും തലച്ചോറിനെ വാണിജ്യവൽക്കരിക്കുന്നതി നും വേണ്ടിയാണ്. ആകെയുള്ള വെബ്സൈറ്റുകളിൽ പന്ത്രണ്ട് ശതമാനത്തോളം പച്ചയായ ലൈംഗികത പ്രദർശിപ്പിക്കുന്നവയാണ്. പോർണോഗ്രാഫിക് വെബ്സൈറ്റുകൾ എന്ന് സ്വയം വിളിക്കുന്നവ കൂടാ തെ

എന്റർടൈൻമെന്റും, മാട്രിമോണിയൽ, ഡേറ്റിംഗ് തുടങ്ങിയ തല ക്കെട്ടിനു കീഴെ ലൈംഗികതയിലേക്ക് നയിക്കുന്ന സൈറ്റുകളുടെ എ ണ്ണം ഇതിലും എത്രയോ അധികമാണ്. വെബ്സൈറ്റുകളിൽ സേർച്ച് ചെയ്യപ്പെടുന്നതിൽ 25 ശതമാനവും പോർണോ ഗ്രാഫിയാണ് എന്ന കണക്ക് നൽകുന്ന ഭീഷണമായ അറിവ് വിജ്ഞാനവിസ്ഫോടനമല്ല, പ്രത്യുത ധാർമികത്തകർച്ചയാണ് ഇത് കൊണ്ട് ഉണ്ടാവാൻ പോകുന്ന ത് എന്ന് വ്യക്തമാക്കുന്നുണ്ട്. ഇന്റർനെറ്റ് ഉപയോഗിക്കുന്ന 15 മുതൽ 17 വരെ വയസ്സുകൾക്കിടയിലുള്ളവരിൽ 80 ശതമാനം പോർണോഗ്ര ഫി സൈറ്റുകൾ സന്ദർശിക്കുന്നവരാണെന്നും അത്തരക്കാർ ഇത്തരം സൈറ്റുകൾ സന്ദർശിക്കുവാൻ തുടങ്ങുന്നത് ശരാശരി പതിനൊന്നാം വയസ്സിലാണെന്നുമുള്ള സ്ഥിതി വിവരക്കണക്കുകൾ ഞെട്ടിപ്പിക്കുന്ന വയാണ്. ഓരോ സെക്കന്റിലും 28,258 പേർ ഇന്റർനെറ്റ് പോർണോഗ്ര ഫി ആസ്വദിക്കുമ്പോൾ അത് വിറ്റ് കാശാക്കുന്നവരുടെ മേശവലിപ്പി ലെത്തുന്നത് 3075.64 കോടി ഡോളറാണെന്നാണ് കണക്ക്. ഓരോ ദിവ സവും 27 കോടിയോളം ഡോളർ (1328 കോടി ഇന്ത്യൻ രൂപ) ക്യാമറ ക്കു മുന്നിൽ വെച്ച് തുണിയഴിക്കുന്നവർ സമ്പാദിക്കുമ്പോൾ സമൂഹ ത്തിന്റെ ധാർമികതയാണ് യഥാർത്ഥത്തിൽ അഴിഞ്ഞുപോകുന്നതെ ന്നും അതുവഴി ഉണ്ടാകാൻ പോകുന്ന ദുരന്തം കണക്കു കൂട്ടാവുന്ന തിലുമപ്പുറമാണെന്നുമുള്ള വസ്തുതകൾ എല്ലാവരും വിസ്മരിക്കുക യാണ് ചെയ്യുന്നത്. ഒരുപാട് നന്മകൾക്ക് സാധ്യതകളുള്ള ഇന്റർനെറ്റി ന്റെ ലോകം തിന്മകളുടെയും കൂത്തരങ്ങായിത്തീരുന്നതാണ് ഇവിടെ നാം കാണുന്നത്.

ഇന്റർനെറ്റിലൂടെയുള്ള ഇസ്ലാമികപ്രബോധന സാധ്യതകളെ മു സ്ലിം ലോകം വേണ്ടത്ര ഉപയോഗപ്പെടുത്തിയിട്ടില്ലെങ്കിലും,ശ്രദ്ധേയമാ യ ചില കാൽവെപ്പുകൾ നടത്തിയിട്ടുണ്ടെന്ന വസ്തുത എടുത്തു പറ യാതെ വയ്യ. അറബി ഭാഷ മനസ്സിലാക്കാനാവുന്നവർക്ക് ഇസ്ലാമിക പ്രമാണങ്ങളുടെയും പണ്ഡിതന്മാരുടെ ഫത്വകളുടെയും പ്രഭാഷണ ങ്ങളുടെയും വ്യാഖ്യാനങ്ങളുടെയുമെല്ലാം ഒരു ബൃഹത്തായ ശേഖരം തന്നെ ഇന്റർനെറ്റിലൂടെ ലഭിക്കും. ഒരു മഹാ പണ്ഡിതനാകുവാനാവ ശ്യമായ ഇസ്ലാമികഗ്രന്ഥങ്ങളുടെ ശേഖരം ഇന്റർനെറ്റിലുണ്ട്. പല സൈറ്റുകളിലും സെർച്ച് സംവിധാനമുള്ളതിനാൽ അന്വേഷണ വിഷ യവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ എവിടെയാണുള്ളതെന്ന് കൃത്യ മായി കണ്ടെത്തുവാനും പരിശോധിച്ച് പഠിക്കുവാനും അതുവഴി സാ ധിക്കും. മരണപ്പെട്ടവരും ജീവിച്ചിരിക്കുന്നവരുമായ പണ്ഡിതന്മാരുടെ

ഫത്‌വകൾ, ആധുനിക പ്രശ്നങ്ങളിൽ എന്തു നിലപാടു സ്വീകരിക്കണമെന്നതിന് മുസ്ലിംകൾക്ക് വഴികാട്ടിയായി ഭവിക്കുന്നുണ്ട്. എന്നാൽ അറബിയല്ലാത്ത ഭാഷകളിൽ വേണ്ടത്ര ശ്രദ്ധിക്കുവാൻ ഇന്റർനെറ്റിലൂടെ ഇസ്ലാമികപ്രബോധനം നിർവ്വഹിക്കുവാൻ ശ്രമിക്കുന്നവർക്ക് കഴിഞ്ഞിട്ടില്ല. ഇംഗ്ളീഷിൽ ശ്രദ്ധേയമായ ചില കാൽവെപ്പുകൾ നടത്തിയിട്ടുണ്ടെങ്കിലും ഇസ്ലാം വിരുദ്ധവും ഇസ്ലാമിനെക്കുറിച്ച തെറ്റുധാരണകൾ സൃഷ്ടിക്കുന്നതുമായ സൈറ്റുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇസ്ലാമികപ്രബോധന സൈറ്റുകളല്ലാത്തവ കൂടി നിർവ്വഹിക്കുന്ന സേവനം മൊത്തത്തിൽ കുറവു തന്നെയാണ്. എങ്കിലും ഇന്റർനെറ്റിലൂടെയുള്ള ഇസ്ലാം വിമർശനങ്ങൾക്ക് മൊത്തത്തിൽ മറുപടി പറയുകയും മുസ്ലിംകളെ ഇവ്വിഷയകമായി സജ്ജീകരിക്കുകയും ചെയ്യുന്നതിന് ഇംഗ്ളീഷ് ഇസ്ലാമിക് സൈറ്റുകൾക്ക് സാധിക്കുന്നുണ്ട്. ഇസ്ലാമിനെ തെറിപറയുകയും തമസ്കരിക്കുകയും ചെയ്യുന്നതിനായി ഇന്റർനെറ്റിൽ കളിക്കുന്ന മലയാളികൾ പടച്ചുവിടുന്ന സൈറ്റ്ബ്ളോഗ് ആഭാസങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇസ്ലാമിനെ പരിചയപ്പെടുത്തുകയും വിമർശനങ്ങൾക്ക് മറുപടി കണ്ടെത്തുകയും ചെയ്യുന്നതിനു വേണ്ടി സംവിധാനിക്കപ്പെട്ട മലയാളം സൈറ്റുകൾ ഉയർന്നനിലവാരം പുലർത്തുന്നവ തന്നെയാണ്. മലയാളത്തിന്റെ വിപുലമായ ഉപയോഗവും പ്രവാസീ സമൂഹമെന്ന നിലയ്ക്ക് അന്താരാഷ്ട്രീയമായി സ്വാധീനിക്കുവാനുള്ള ശേഷിയും പരിഗണിക്കുമ്പോൾ ഈ രംഗത്തെ മലയാളീ മുസ്ലിം സാന്നിധ്യം വേണ്ടത്രയായിട്ടില്ലെന്നതു തന്നെയാണ് യാഥാർ ത്ഥ്യം.

ഇന്റർനെറ്റ് സൈറ്റുകളിലൂടെയും ബ്ളോഗുകളിലൂടെയും ചാറ്റ് റൂമുകളിലൂടെയും ബൈലക്സിലൂടെയും യൂട്യൂബിലൂടെയുമെല്ലാം ഇസ്ലാമിന്റെ സന്ദേശം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുവാൻ വേണ്ടി ശ്രമിക്കുന്നവർ ചെയ്യുന്നത് ദഅ്‌വത്ത് എന്ന മഹാ സേവനമാണെന്ന കാര്യത്തിൽ സംശയമില്ല. സഹജീവികളെ അല്ലാഹുവിന്റെ ശാപകോപതാപങ്ങളിൽ നിന്ന് കരകയറ്റി നിത്യനരകത്തിൽ നിന്ന് രക്ഷപ്പെടുത്താൻ ശ്രമിക്കുന്നതിനേക്കാൾ വലിയ മനുഷ്യസേവനമെന്താണ്! അതി വിപുലമായ പ്രബോധന സാധ്യതകളുള്ള ഇന്റർനെിറ്റിലൂടെ ഇസ്ലാമിനെ അവതരിപ്പിക്കുകയും ആദർശവിരോധികളുമായി സംവദിക്കുകയും ആശയസംഘട്ടനങ്ങൾ നടത്തുകയും ചെയ്യുന്നവർ, പക്ഷെ, ഇസ്ലാമികമായ മര്യാദകൾ പാലിക്കുവാൻ ബാധ്യസ്ഥരാണെന്ന കാര്യം ആ രംഗത്ത് പ്രവർത്തിക്കുന്നവരൊന്നും മറന്നുകൂടാ. മറ്റുള്ളവരെ നരകത്തിൽ നിന്ന് രക്ഷിക്കുവാൻ ശ്രമിക്കുന്നവർ, തങ്ങളുടെ പരിശ്രമ

ത്തിന്റെ ഫലമായി സ്വയം നരകത്തിൽ ആപതിക്കുന്ന അവസ്ഥയുണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ആദർശ പ്രബോധനരംഗവും ആശയസംഘട്ടനത്തിന്റെ രീതിശാസ്ത്രവുമെല്ലാം എന്താണെന്ന് കൃത്യമായി പഠിപ്പിക്കപ്പെടുകയും ആ രംഗത്ത് പാലിക്കപ്പെടേണ്ട മര്യാദകൾ വ്യക്തമായി നിഷ്കർഷിക്കപ്പെടുകയും ചെയ്തവരാണ് മുസ്ലിംകൾ. അല്ലാഹുവും റസൂലും പഠിപ്പിക്കാത്ത കുറുക്കുവഴികളും പ്രവാചകനിൽ നിന്ന് മതം പഠിച്ചവർക്ക് പരിചയമില്ലാത്ത മാന്യമല്ലാത്ത മാർഗങ്ങളും മതപ്രബോധനത്തിന് എന്ന പേരിൽ ഉപയോഗിക്കപ്പെടുമ്പോൾ അവ ധാർമികവും സ്വീകാര്യവുമാകുമെന്ന് കരുതാൻ ന്യായങ്ങളൊന്നുമില്ല. അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കേണ്ടത് എങ്ങനെയെന്ന് അല്ലാഹു തന്നെ മുസ്ലിംകളെ പഠിപ്പിച്ചിട്ടുള്ളതാണല്ലോ.'യുക്തിദീക്ഷയോടു കൂടിയും, സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ച് കൊള്ളുക. ഏറ്റവും നല്ല രീതിയി ൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നി ന്റെ രക്ഷിതാവ് തന്റെ മാർഗം വിട്ട് പിഴച്ച് പോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സന്മാർഗം പ്രാപിച്ചവരെപ്പറ്റിയും നല്ലവണ്ണം അറിയുന്നവനത്രെ.'' (ഖുർആൻ 16:125)

ബൗദ്ധികമായ സത്യസന്ധതയില്ലായ്മ ഇന്റർനെറ്റ് ഉപയോക്താക്കളിൽ കണ്ടുവരുന്ന വ്യാപകമായ ഒരു അസുഖമാണ്. 'ഗൂഗിൾ' സെർച്ച് എഞ്ചിനും വിക്കിപീഡിയയുമുണ്ടെങ്കിൽ സ്വന്തം മേശപ്പുറത്തിരുന്ന്, കസേരയിൽ നിന്ന് എഴുന്നേൽക്കാതെ ഏതു ശാസ്ത്രവിഷയത്തിലുമുള്ള ഗവേഷണപ്രബന്ധങ്ങൾ തയ്യാറാക്കാം എന്ന ഒരു ചൊല്ലുണ്ട്, ഇന്റർനെറ്റ് ഉപയോക്താക്കൾക്കിടയിൽ. ഇസ്ലാമികപ്രബോധന രംഗത്തുള്ളവർക്ക് തീരെ ഉണ്ടാവാൻ പാടില്ലാത്ത സുഖക്കേടാണിത്. സ്വന്തം ആദർശമെന്താണെങ്കിലും അത് സ്ഥാപിക്കുവാനും സമർത്ഥിക്കുവാനുമെല്ലാം ഓരോരുത്തർക്കും അവകാശമുണ്ട്. എന്നാൽ മറ്റുള്ളവരെ ഇകഴ്ത്തുവാനും താഴ്ത്തിക്കെട്ടുവാനും വേണ്ടി അവരുടെ തന്നെ സംസാരങ്ങളെയും ഉദ്ധരണികളെയും മുറിച്ചും തങ്ങളുദ്ദേശിക്കുന്ന ആശയങ്ങളുമായി വിളക്കിച്ചേർത്തും അവതരിപ്പിക്കുന്നത്, സത്യവിശ്വാസികൾ ചെയ്യാൻ പാടില്ലാത്ത ഗുരുതരമായ പാതകങ്ങളിലൊന്നാണ്. തങ്ങളുദ്ദേശിക്കുന്ന ആശയങ്ങൾക്കനുസൃതമായി പണ്ഡിതന്മാരുടെ ഉദ്ധരണികളെയും ഫത്വകളെയും അവതരിപ്പിക്കുന്നതും തഥൈവ. അങ്ങനെ ചെയ്യുന്നവരിൽ കണ്ടുവരുന്ന പ്രവണതയിതാണ്. ആദ്യം ഒരു ആശയം നിർമിക്കുക; അത് പ്രാമാണികമാണെന്ന് വരു

ത്തിത്തീർക്കാൻ ശ്രമിക്കുക; സെർച്ച് എഞ്ചിനിൽ പോയി തങ്ങൾ നിർമ്മിച്ച ആശയത്തിനനുസൃതമായ രേഖകൾ പരിശോധിക്കുക; ആരെങ്കിലും എവിടെയെങ്കിലുമെല്ലാം തങ്ങളുദ്ദേശിച്ച ആശയങ്ങൾക്ക് അനുകൂലമായി വല്ലതും പറഞ്ഞിട്ടുണ്ടെങ്കിൽ അത് കോപ്പി ചെയ്യുക; ഇങ്ങനെ കോപ്പി ചെയ്തവയെല്ലാം കൂടി ഒരു ഡോക്യുമെന്റിലേക്ക് പോസ്റ്റ് ചെയ്ത് തങ്ങളുദ്ദേശിക്കുന്ന ആശയങ്ങൾ പ്രാമാണികമാണെന്ന് സമർത്ഥിക്കുന്ന പ്രബന്ധം തയ്യാറാക്കുക; ഇങ്ങനെ തയ്യാറാക്കിയ പ്രബന്ധം വ്യത്യസ്ത ഇ മെയിൽ, ചാറ്റ് ഗ്രൂപ്പുകളിലൂടെ പ്രചരിപ്പിക്കുക. സാഹചര്യങ്ങളുടെയോ സമ്മർദങ്ങളുടെയോ അനുഭവങ്ങളുടെയോ അടിസ്ഥാനത്തിലല്ല, പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ആശയരൂപീകരണം നടത്തുകയും അങ്ങനെ സുചിന്തിതമായി രൂപീകരിക്കപ്പെട്ട ആശയത്തിന് അനുസൃതമായി ജീവിക്കുകയുമാണ് മുസ്ലിം ചെയ്യേണ്ടത് എന്ന ഇസ്ലാമിക രീതി അട്ടിമറിക്കപ്പെടുകയും ആശയ രൂപീകര ണം നടന്ന ശേഷം അത് പ്രാമാണികമാണോയെന്ന് പരിശോധിക്കുന്ന രീതിയിൽ കാര്യങ്ങൾ നടക്കുന്നുവെന്നതുമാണ് ഇതിലെ ഒന്നാമത്തെ തെറ്റ്. പ്രത്യേകമായ സാഹചര്യങ്ങളിലും അവസരങ്ങളിലും ചോദ്യകർത്താവിന്റെ ഉദ്ദേശ്യം മനസ്സിലാക്കിയും പണ്ഡിതന്മാർ നൽകുന്ന ഫത്വകളും പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളും പ്രസ്തുത സാഹചര്യ മോ അവസരമോ പരിഗണിക്കാതെ 'കോപ്പി ആന്റ് പേസ്റ്റ്' ചെയ്യപ്പെടുമ്പോൾ പലപ്പോഴും അവർ വിവക്ഷിച്ചതല്ലാത്ത അർത്ഥതലങ്ങളിലേക്കായിരിക്കും അത് വായനക്കാരെ നയിക്കുകയെന്നത് രണ്ടാമത്തെ തെറ്റ്. പുതിയ ആശയനിർമിതിക്കനുസരിച്ച് സമൂഹത്തെ നയിക്കാൻ ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന കുഴപ്പങ്ങൾക്കും ഛിദ്രതകൾക്കുമെല്ലാം അത് കാരണമാകുമെന്നത് മൂന്നാമത്തെ തെറ്റ്.നമ്മുടെ സാഹചര്യത്തിൽ അപ്രസക്തമോ അപ്രായോഗികമോ ആയ അഭിപ്രായങ്ങളെക്കുറി ച്ച് അനാവശ്യമായ ചർച്ചകളിലൂടെ വിരോധവും വിദ്വേഷവും അത് വളർത്തുന്നുവെന്നത് നാലാമത്തെ തെറ്റ്. അപ്രായോഗികമായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചവരായി പണ്ഡിതന്മാരെ അവതരിപ്പിച്ച് അവരെ സാമൂഹമധ്യത്തിൽ താറടിക്കുന്നത് അഞ്ചാമത്തെ തെറ്റ്. ഇങ്ങനെ തെറ്റുകളുടെ നിര തന്നെയാണ് ഇന്റർനെറ്റിന്റെ ഇത്തരത്തിലുള്ള ഉപയോഗം വഴി ഉണ്ടായിത്തീരുന്നത്.

വൈജ്ഞാനിക വിപുലീകരണത്തിന് അനന്തമായ സാധ്യതകൾ തുറന്നു തരുന്ന ഇന്റർനെറ്റ് ഇന്ന് പ്രധാനമായും ഉപയോഗിക്കപ്പെടുന്നത് പോർണോഗ്രഫിക്കു വേണ്ടിയായതു പോലെ ഇസ്ലാമികപ്രബോധ

നത്തിന് അനന്തസാധ്യതകൾ നൽകുന്ന ഈ രംഗത്തെ, കുഴപ്പങ്ങളു ണ്ടാക്കുന്നതിനും തിന്മകൾ വിതറുന്നതിനും പ്രബോധകർക്കിടയിൽ ഛിദ്രീകരണം സൃഷ്ടിക്കുന്നതിനും വേണ്ടി ഉപയോഗിക്കപ്പെടുന്നുവെ ന്ന സങ്കടകരമായ വസ്തുത പണ്ഡിതന്മാരുടെ സത്വര ശ്രദ്ധയാവശ്യ മുള്ള കാര്യങ്ങളിലൊന്നായിത്തീർന്നിരിക്കുന്നു. പ്രമാണങ്ങളെ എങ്ങ നെ ഉപയോഗിക്കണമെന്നോ വ്യത്യസ്തങ്ങളായ സാഹചര്യങ്ങൾക്ക നുസരിച്ച് സമൂഹത്തെ എങ്ങനെ നയിക്കണമെന്നോ വിവരമില്ലാത്ത 'ഇന്റർനെറ്റ് മുഫ്തികളെയും മുജ്തഹിദുകളെയും' അവർക്കാവശ്യമു ള്ളത് ആവശ്യമുള്ള രീതിയിൽ പറഞ്ഞു കൊടുക്കുന്ന 'ഗൂഗ്ൾ ശൈ ഖി'നെയും ആദർശ പ്രബോധനം ഏൽപ്പിച്ചാൽ അത് ഗുരുതരമായ പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുക.പണ്ഡിതന്മാർ ഇല്ലാതെയാകുമ്പോ ൾ മതവിധികൾ പറഞ്ഞു കൊടുക്കാനായി നേതാക്കന്മാരെ ജനം സ മീപിക്കുമ്പോൾ വിവരമില്ലാത്ത അവർ മതവിധികൾ പറഞ്ഞുകൊടു ത്തു കൊണ്ട് സ്വയം പിഴക്കുകയും മറ്റുള്ളവരെ പിഴപ്പിക്കുകയും ചെ യ്യുമെന്ന് നബി(ﷺ) മുന്നറിയിപ്പ് (സ്വഹീഹുൽ ബുഖാരി, കിത്താബുൽ ഇൽമ്) നൽകിയ പിഴക്കുകയും പിഴപ്പിക്കുകയും ചെയ്യുന്നവരിൽ ഉൾ പ്പെടാതിരിക്കുവാൻ വിവരസാങ്കേതികവിദ്യയെ ഉപയോഗിക്കുന്നവരെ ല്ലാം ശ്രദ്ധിക്കേണ്ടതുണ്ട്. അല്ലാഹു അനുഗ്രഹിക്കട്ടെ (ആമീൻ)

وَصَلَّى اللهُ وَسَلَّم عَلَى نَبِيِّنَا مُحَمَّدٍ وَعَلى آلِهِ وَصَحْبِهِ أَجْمَعِين .

**********